[Sri. A. J. John]

ന്നന്നതു". ഈ ഹൗസ് തീരുമാനിക്കുന്നതായാൽ അപ്രകാരം ചെയ്യാം. മെമ്പർമാർ ഇവിടെ ഇല്ലെങ്കിൽ അവർ വരുമ്പോൾ ഇവിടെ നടന്ന സംഗതികളെക്കുറിച്ചു് അറിയുവാൻ സാധിക്കുന്നതാണു".

Sri. A. Thanu Pillai : Sir, since you have already given notice that Supplementary Demands will be taken on the 29th, I also see some force in what Mr. Ayyappan says. If the Government have no objection, we can have legislative business to-day and tomorrow, the Appropriation Bill for the 29th and after that is over go to Supplementary Demands. Or Supplementary Demands can be had on the 30th.

Mr. Speaker: I have no objection if the House agrees to it.

Sri. N. P. Varghese : Under Rule 52, there is no option left to the House. In Rule 52, it is stated "The Rajpramukh may, from time to time, allot a day for the presentation of a statement in respect of supplementary, additional or excess expenditure under Article 205 of the Constitution and such statement shall be dealt with by the Assembly at such time as may be appointed by the Speaker".

Mr. Speaker: That objection does not stand in the way of the suggested change. But to avoid all difficulties, as suggested by Mr. Thanu Pillai and agreed to by the Finance Minister, legislative business may be proceeded with today and tomorrow, the Appropriation Bill on the 29th and the Supplementary Demands on the 30th.

Sri. D. Gnanasigamony : When are we to give amendments.

Mr. Speaker: The time for amendments is extended to 11 a. m. tomorrow instead of 5 p.m. today.

The Holdings (Stay of Execution Proceedings) Bill

Sri. A. J. John: I beg to present the Report of the Select Committee on the Holdings (Stay of Execution Proceedings) Bill and request that the Bill as amended by the Select Committee be taken into consideration.

Sri. N. Kunjuraman: I second it.

The motion that the Bill, as amended by the Select Committee, be taken into consideration was put and carried

ശ്രീ. എ. ജെ. ജോൺ : ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സാരമായ ഭേദഗതികളൊന്നും സെലക്ട് കമ്മിറ്റി വരുത്തിയിട്ടില്ല. ബി, സി, [ഈ ക്ലാസുകൾ എടുത്തു കളയണമെന്നും നാലാമത്തെ ക്ലാസിലുള്ള പ്രൊവൈസോക്കു് പകരം താഴെ പറയുന്ന പ്രൊവൈസോ ചേർക്കണമെന്നുമാണു് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതു്. ആ പ്രൊവൈസോ ഞാൻ ഇവിടെ വായിക്കാം.

"Provided that nothing contained in this section shall preclude the court—

(*a*) from ordering the delivery of possession of the holding to the decree-holder if the court is satisfied either that the lessee has committed intentional and wilful acts of waste or that he has failed to pay the rent of the holding which has accrued due after the commencement of this Act; or

(*b*) from granting any other appropriate relief to which the decree-holder may be entitled."

ഇതുമാത്രമാണു് സെലക്ട് കമ്മിറ്റി ഭേദഗതി ചെയ്തിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള : സർ, വിധിനടത്തു നടപടി നിവർത്തിവയ്ക്കൽ ബില്ലിലെ ഒന്നാം ക്ലാസു്, രണ്ടാം ഉപവകുപ്പിൽ തിരുവിതാംകൂർ എന്ന പദം കഴിഞ്ഞു് കൊച്ചി എന്ന പദംകൂടി ചേർക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. ഈ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തെ ഈ നിയമം ഒന്നുപോലെ ബാധിക്കണമെന്നുള്ളതാണു്. ഫ ഫ ഫ ർ-ലാണു് വിധിനടത്തു നടപടി നിവർത്തിവയ്ക്കുന്ന ബിൽ തിരുവിതാംകൂർ നിയമസഭയിൽ ഹാജരാക്കിയതു്. അതിനുശേഷം പല ഭേദഗതികളും ഈ ബില്ലിൽ വരുത്തുന്നതിനായി പല ബഹുമാനപ്പെട്ട മെമ്പറന്മാരും സഭയിൽ സമർപ്പിക്കയും അവ സഭയുടെ ചർച്ചയ്ക്കു വിധേയമാക്കുകയും ചെയ്തിട്ടുണ്ടു്. അതു കഴിഞ്ഞു് സംയോജനം നടപ്പിൽവന്നു. അതിനുശേഷം ഇവയെപ്പറ്റി ഒരു നിയമംതന്നെ ഉണ്ടാക്കുന്നതിനുപകരം ഒരു ആർഡിനൻസ് മുഖേന അതിനെ രൂപാന്തരപ്പെടുത്തുകയാണു് ചെയ്തിട്ടുള്ളതു്. എന്നാൽ സംയോജനം കഴിഞ്ഞു് ഏകദേശം ഇപ്പോൾ ൻ മാസക്കാലമായി. ഇങ്ങനെ സാധാരണ നിയമങ്ങൾ നിവർത്തിവച്ചുകൊണ്ടു്, സിവിൽ നടപടിപ്രകാരമുള്ള ജനങ്ങളുടെ ന്യായമായ അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും ഈ ആർഡിനൻസു്

LIBRARY ARCHIVES Kerala Legislative Assembly

മുഖാന്തിരം നിവർത്തിയച്ചിട്ട് ഒരു പുതിയ നിയമം ഉണ്ടാക്കുന്നതു് വളരെ ശ്രമയോടുകൂടി വേണ്ടതാണു്. കൊച്ചിയും തിരുവിതാംകൂറും ഈ വിഷയം സംബന്ധിച്ചു് രണ്ടാണെങ്കിലും സംയോജനത്തിനുശേഷം ൻ മാസം കഴിഞ്ഞിട്ടും കൊച്ചിയെക്കൂടി ഈ നിയമത്തിൽ ഉൾ ക്കൊള്ളിക്കാൻ ഇതുവരെ സമയം ഉണ്ടായിരുന്നില്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്. തിരുവിതാംകൂറും കൊച്ചിയും രണ്ടു രാജ്യങ്ങളാണെന്നുള്ള ബോധത്തോടുകൂടി നിയമങ്ങൾ നിർമ്മിക്കുന്നതു് ശരിക്കലും ശരിയല്ല. ഒരുപക്ഷേ പറഞ്ഞേക്കും, കൊച്ചിയിൽ ഇവ സംബ ന്ധിച്ചു് ഇതുപോലെ ഒരു നിയമം മുമ്പുണ്ടായിരുന്നുവെന്നും അതിനെ തിരുവിതാംകൂർ നി യമവുമായിട്ടു് യോജിപ്പിക്കുന്നതു ശരിയായിരിക്കുകയില്ലെന്നും മറ്റും. എന്നാൽ ഒരു പുതി യ നിയമം ഉണ്ടാക്കാനുള്ള ശ്രമമാണു് ഗവണ്മെണ്ടു നടത്തേണ്ടതെന്നാണു് എനിക്കു തോന്നു ന്നതു്. അതല്ലെങ്കിൽ ഇതുമാതിരിയുള്ള ഒരു നിയമത്തിന്റെ ആവശ്യം ഉണ്ടെന്നു ഗവണ്മെ ണ്ടിനു ബോദ്ധ്യപ്പെട്ടതനുസരിച്ചു് പ്രയോഗപരമായിരുന്ന കൊച്ചിയിലെ നിയമംതന്നെ ഇവിടേയും പകർത്തി കൊച്ചിയും തിരുവിതാംകൂറുംകൂടി എന്തുകൊണ്ടു യോജിപ്പിച്ചുകൂടാ യെന്നു് ഞാൻ ചോദിക്കുന്നു. സർ, സംയോജിപ്പിക്കപ്പെട്ട രണ്ടു രാജ്യങ്ങളിൽ ഒരു സംഗ തിയെക്കുറിച്ചു് രണ്ടുതരത്തിലുള്ള നിയമങ്ങൾ സ്വീകരിക്കുന്നതു മട്ടും ശരിയല്ല. എന്റെ ഭേദഗതി ഈ ബില്ലിൽ ചേർക്കേണ്ടതു എത്രയും ആവശ്യമാണെന്നുള്ളതിലേക്കു ഞാൻ വേ റേയും തെളിവുതരാം. സർ, നമ്മുടെ മൗലികമായ അവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേ യും സ്പർശിക്കുന്ന ഒരു ബില്ലാണു് ഇതു്. അങ്ങനെയിരിക്കെ കൊച്ചിയിലെ ജനങ്ങൾക്കു് അ വിടേയും തിരുവിതാംകൂറിലെ ജനങ്ങൾക്കു് ഇവിടേയും രണ്ടുതരത്തിൽ സംസിദ്ധമായിരിക്കു ന്ന അവകാശങ്ങളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിൽ മാത്രം ഒരു വർഷത്തേക്കു യാതൊരുവിധമായ വിധിനടപ്പു കേസുകളും വിധിനടത്തരുതെന്നുള്ള നിരോധനം ആണു് നടപ്പിൽവരുത്താൻ പോകുന്നതു്. ഇവിടെയാണെങ്കിൽ മുമ്പു് കാഷ്ടിക ശ്രീനിവാരണ ബിൽ ഉണ്ടായിരുന്നു. അതു വേണ്ടവിധത്തിലുള്ള ചർച്ചകൾ നടത്തിയതിനുശേഷമാണു് ഒരു നിയമമായിത്തീർന്നതു്.

എന്റെ ഓർമ്മ ശരിയാണെങ്കിൽ കടനിവാരണത്തിനു് ഫ ഫ ഫ വ-ൽതന്നെ ഇവിടെ പ്രൊക്ലമേഷൻസു് ഉണ്ടായി. അവ മൂന്നു മാസത്തേക്കു മാത്രമായിരുന്നു. അതിനുശേഷം ജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചു രണ്ടു കക്ഷികളേയും തമ്മിൽ യോജിപ്പിച്ചു് കേസുകൾ ഒത്തുക്കുന്നതിനുവേണ്ടി ഒരു കൺസിലിയേഷൻ ബോർഡു് സംഘടിപ്പിച്ചു. അതിനുശേ ഷമാണു് ഫ ഫ ഫ ന്യ-ലെ ശ്രീനിവാരണ ആക്ടു് ഉണ്ടായതു്. ഈ ആക്ടു് മൂലം കക്ഷിക ളെ തമ്മിൽ യോജിപ്പിച്ചു് കടങ്ങൾ തീർക്കുവാൻ സൗകര്യമുണ്ടായി. അതിനുശേഷം പ ലവിധത്തിലുള്ള ചർച്ചകളും ഇതേസംബന്ധിച്ചുണ്ടായി. ഇപ്രകാരം അനുഭവംവച്ചുകൊണ്ടു നോക്കുമ്പോൾ ഈ രാജ്യത്തെ വസ്തുനുഭവങ്ങളുടെ അവകാശക്രമങ്ങൾക്കു് വലിയ മാ റ്റംവരുത്താതെ, ജനങ്ങൾക്കു വിഷമമുണ്ടാകാത്ത രീതിയിൽ ഒരു നിയമം സൃഷ്ടിക്കാതെ പടിപടിയായിട്ടു ഇങ്ങനെ ഒരു നിയമം സ്വീകരിക്കുന്നതു ശരിയല്ല. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നു മീറ്റിംഗുകൾകൂടി ഇപ്രകാരം ഒരു നിയമം ഇവിടെ പാസാക്ക ണമെന്നു് ഒരു പ്രക്ഷോഭണം ഇവിടെ ഉണ്ടായിട്ടില്ല. വടക്കൻ താലൂക്കുകളിലെ എതാ നും കൃഷിക്കാരെ കൂടിയിറക്കുമെന്നൊരു നിവേദനം മാത്രമേ ഗവണ്മെണ്ടുമുമ്പാകെ ലഭി ച്ചിരുന്നുള്ളു എന്നമാത്രമാണു് കഴിഞ്ഞ പ്രാവശ്യം ഈ നിയമസഭയിൽ ഈ ബിൽ ഹാ ജരാക്കിക്കൊണ്ടു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പ്രസ്താവിച്ചതു്. തിരുവിതാംകൂറിന്റെ മറ്റു യാതൊരു പ്രദേശങ്ങളിലും ഈ ബില്ലിന്റെ ആവശ്യത്തെപ്പറ്റി ഒരു പ്രക്ഷോഭണ വും ഉണ്ടായിട്ടില്ല. വടക്കൻ താലൂക്കുകളിലെ എതാനും കൃഷിക്കാരേയും കുടികിടപ്പുകാ രേയും ഇറക്കാതിരിക്കുവാൻവേണ്ടി മാത്രമാണു് ഇപ്രകാരം ഒരു നിയമം ഇവിടെ കൊ ണ്ടുവന്നിട്ടുള്ളതു്. ഇപ്രകാരം ഈ ബില്ലിന്റെ ആവശ്യകതയെപ്പറ്റി കുലങ്കഷമായ ച ർച്ചകൾ നടത്തി പൊതുജനാഭിപ്രായം കേന്ദ്രീകരിച്ചശേഷമല്ല ഈ നിയമം ഇവിടെ നട പ്പാക്കിയതു്. ആ സ്ഥിതിക്കു് ഒരു വർഷത്തേക്കുമാത്രം ഈ നിയമം ഇവിടെ നിലവി ലിരിക്കണമെന്നു മാണു് നാം തല്ക്കാലം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതുകൊണ്ടു കൊച്ചിയിലെ നിയമം പുരോഗമനപരമാണെങ്കിൽ ആ നിയമം തിരുവിതാംകൂറിലേക്കുകൂടി സംക്രമിപ്പിക്ക ക, അല്ലെങ്കിൽ തിരുവിതാംകൂറിലെ നിയമമാണു് പുരോഗമനപരമെങ്കിൽ അതു കൊ ച്ചിയിലേക്കുകൂടി സംക്രമിപ്പിക്കുക. അങ്ങിനെ ഈ രണ്ടു സംസ്ഥാനങ്ങൾക്കുംകൂടി യോ ജിക്കത്തക്ക ഒരു നിയമം കൊണ്ടുവരണമെന്നാണു് ഞാൻ ഈ ഉപക്ഷേപംകൊണ്ടു് ഉദ്ദേ ശിക്കുന്നതു്. അടുത്തതായി എനിക്കു പറയുവാനുള്ളതു് തിരുവിതാംകൂറിലെയും കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

യിലേയും ഭൂമി അനുഭവക്കാഴ്ച്ചയിൽ അല്പസ്വല്പം ചില വ്യത്യാസങ്ങളും ഉണ്ടെന്നല്ലാതെ സാരാംശത്തിൽ യാതൊരു വ്യത്യാസവും ഞാൻ കാണുന്നില്ല. അക്കാരണത്താൽ എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. രണ്ടു രാജ്യത്തിനും രണ്ടു നിയമങ്ങളും നിലവിലിരിക്കുക എന്നു പറയുന്നതു ശരിയല്ല. അതുകൊണ്ട് ഈ ബില്ലിന്റെ കാലാവധി ഒരു വർഷത്തേക്കെ നിശ്ചയിച്ചിട്ടുള്ളുവെങ്കിലും എന്റെ ഈ ഭേദഗതിയെ സ്വീകരിക്കണമെന്നാണ് എനിക്കു ലാൻഡുവകുപ്പു മന്ത്രിയോടു അഭ്യർത്ഥിക്കുവാനുള്ളതു.

Sri. K. P. Nilakanta Pillai : I second it.

ശ്രീ. സി. വി. ജയൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. തിരുവിതാംകൂറിനു പ്രത്യേകമായി നിയമങ്ങളും ഉണ്ടാക്കുന്നതു, കൊച്ചി വേർതിരിഞ്ഞുപോകുന്നതിനു ആഗ്രഹിക്കുന്ന എല്ലാവർക്കും ഏറ്റവും സന്തോഷമുള്ള കാര്യമാണ്. കൊച്ചിക്കുടി ബാധകമാകുന്നതുവരെയും ഈ നിയമം ഉണ്ടാക്കിയാൽ ഇവിടത്തെ മന്ത്രിസഭയിൽ തകരാറുകൾ ആദ്യമായിത്തന്നെ ഉണ്ടാകും. ഈ സഭക്കു പല മുതലാളിതാല്പര്യങ്ങളും അവരുടെ പ്രതിപക്ഷശക്തിയും ഉള്ളസ്ഥിതിക്കു കൊച്ചിയിലെ പുരോഗമനപരമായ നിയമം ഇവിടെ നടപ്പിലാക്കുന്ന പക്ഷം അതു വലുതായ കഴപ്പുണ്ടാക്കുക കാരണമാകും. കൊച്ചിയിലെ ജന്മിമാരും മുതലാളിമാരും തിരുവിതാംകൂറിലെ ജന്മികളേയും മുതലാളികളേയും പോലെ കർഷകരോടു അനുഭാവശൂന്യരല്ല. കൃഷിക്കാരോടു വളരെ അനുഭാവമായിട്ടാണ് അവർ പെരുമാറുന്നതു. കൃഷിചെയ്യുന്നവനോടായാലും കാണം, പാട്ടം, മുതലായവ ഉള്ളവരോടായാലും ഏറ്റവും അനുകൂലമായരീതിയിൽ പെരുമാറത്തക്ക രീതിയിലുള്ള നിയമങ്ങളുണ്ടാക്കുന്നതിനു അവിടത്തെ ആ കാലത്തെ നിയമസഭാംഗങ്ങളും ഇപ്പോഴത്തെ നിയമസഭാംഗങ്ങളും അനുകൂലികളായിരുന്നു. അവിടത്തെ ജനങ്ങളും വിശിഷ്യാ ജന്മിമാരും മുതലാളിമാരും കൃഷിക്കാരോടു ശരിയായനിലയിലുള്ള ഒരു സ്നേഹബന്ധം പുലർത്തിക്കൊണ്ടുപോരുന്നു. ഇവിടെ ഇപ്പോൾ പാസാക്കാൻപോകുന്ന നിയമത്തെക്കാൾ എല്ലാ വിധത്തിലും പുരോഗമനപരമാണ് അവിടെ ഇന്നു നിലവിലുള്ള നിയമം. തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റുകാരുടെ ശക്തി വർദ്ധിക്കുന്നതിനും കൊച്ചിയിൽ അവരുടെ ശക്തി ക്ഷയിക്കുന്നതിനും പ്രധാനമായ കാരണം കൊച്ചിയിൽ കർഷകനു അനുകൂലമായ നിയമം ഉണ്ടെന്നുള്ളതാണ്. വേണമെങ്കിൽ മൂന്നാംവായനയിൽ ചിലഭേദഗതികളെല്ലാം, തിരുവിതാംകൂർ കൊച്ചി സ്റ്റേറ്റെന്നു ചേർക്കാമെങ്കിലും, "It extends to the whole of the area in this State known as "Travancore" before the 1st day of July, 1949." എന്ന മാത്രം ഉണ്ടായിരിക്കുന്നതാണു നല്ലതു.

ശ്രീ. കെ. പാച്ചുപിള്ള അവർകളുടെ ഭേദഗതിയിൽ ഉദ്ദേശിച്ചിരിക്കുന്നമാതിരി, മന്ത്രിമാരും ഗവൺമെണ്ടും ഇന്നു വിചാരിക്കുന്നമാതിരിയിൽ, തിരുവിതാംകൂറും കൊച്ചിയും ഇന്നും വേറെയാണെന്നും അവ എന്നായാലും വേർതിരിഞ്ഞു നിൽക്കേണ്ടിവരുമെന്നും, അല്ലെങ്കിൽതന്നെയും കൊച്ചി ഈ സംസ്ഥാനത്തിൽനിന്നു വേർതിരിഞ്ഞു പോകേണ്ടിവരുമെന്നും എല്ലാവർക്കും അറിയാവുന്നസ്ഥിതിക്കു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. എ. ജെ. ജോൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ബിൽ 8-ാം ക്ലോസിൽ പറഞ്ഞിരിക്കുന്നതു ഇതു ഒരു വർഷത്തേക്കുമാത്രം ഉദ്ദേശിച്ചിട്ടുള്ളതിൽ ഇരിക്കുമെന്നാണ്. ഇപ്പോൾ കൊച്ചിയിൽ ഇതിനെക്കാൾ പുരോഗമനപരമായ രീതിയിലുള്ള വ്യവസ്ഥകളോടുകൂടിയ ഒരു നിയമം നിലവിലുണ്ട്. 1118-ലെ കൊച്ചിൻ പ്രൊട്ടക്ഷൻ ആക്ട് 8-ൽ പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്.

"Notwithstanding anything contained in the Cochin Verumpattom Land Act VIII/1118 or in any other law for the time being in force, no suit for eviction of a verumpattomdar to whom the provisions of this Act shall apply, shall be maintainable in our courts on the ground that he has not paid, the pattom due in respect of the holding or the revenue, cess, tax or special charges, if any, specified in section 6 of this Act and all suits, appeals, revision and proceedings in execution of a decree shall be stayed by our courts in so far only as they relate to eviction of any such verumpattomdar on the grou d.....
.....under clause (c) of sub-section 1 of Section 9 of the Act.

അതുകൊണ്ട് ഇപ്പോൾ ഇതു കൊച്ചിയിലേക്കുകൂടി വ്യാപിപ്പിക്കണമെന്നുപറഞ്ഞാൽ ഇപ്പോൾ അവിടെ നിലവിലുള്ളതായ പുരോഗമനപരമായ നിയമത്തെ പിൻതിരിപ്പനാക്കുകയായിരിക്കും ചെയ്യുന്നതു. തിരുവിതാംകൂറിൽ നിലവിലിരുന്ന ആക്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനമാക്കിയാണ് ഇതിപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതികളുടെ ആവശ്യം ഇല്ല. മി. സി. വി. ഇപ്പു പറഞ്ഞതിനെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് ഇതാണ്. തിരുവിതാംകൂർ എന്നു പറയുന്നതിനെ ജനറൽക്ലോസ് ആക്ടിൽ വിവരിച്ചിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു.

Sri. D. Gnanasigamoni: Is that Act enacted for a specific period?

Sri. A. J. John: No.

Further, Clause 27 of the General Clauses Act says: "Travancore shall mean that portion of the territory of the United State of Travancore and Cochin which, before the 1st day of July, 1949, formed the State of Travancore."

ഇപ്രകാരം ഡിഫൈൻ ചെയ്തിരിക്കുന്നസ്ഥിതിക്ക് ഇവിടെ പ്രത്യേക വ്യവസ്ഥചെയ്യേണ്ട യാതൊരുകാര്യവും ഇല്ല. ഈ കാരണങ്ങളാൽ മി. പാച്ചുപിള്ളയുടെ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: അഞ്ചുതെങ്ങും തങ്കശ്ശേരിയും ഇതിൽ ഉൾപ്പെട്ടത്തേണ്ടേ?

ശ്രീ. എ. ജെ. ജോൺ: അതിനു വേറെ നിയമം വരുന്നുണ്ട്.

ഈ ഗവൺമെണ്ടിന്റെ ഉദ്ദേശം എന്തായിരിക്കണമെന്നു് അന്വേഷിച്ചു് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു ലാൻഡ്കമ്മിഷനെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്. ആ കമ്മിഷനിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം അതിനനുസരണമായവിധത്തിൽ ഒരു ബിൽ ഈ സഭയിൽ അവതരിപ്പിക്കുന്നതാണ്. അപ്പോൾ ഈ ആക്ട് റിപ്പീൽ ചെയ്യുന്നതായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു സംബന്ധിച്ചുള്ള കൊച്ചിയിലെ ലജിസ്ലേഷൻ താല്ക്കാലികമാണോ?

ശ്രീ. എ. ജെ. ജോൺ: അല്ല, അതു സ്ഥിരമായിട്ടുള്ളതാണ്.

ശ്രീ. ഇട്ടീര അബ്ദുക്കൻ: കോൺസ്റ്റിറ്റ്യൂഷൻ ആക്ടിൽ ഫണ്ടമെൻറൽ റൈട്സിൽ Article 13 (2) says: The State shall not make any law which takes away or abridges the rights conferred by this article and any law made in contravention of this clause shall, to the extent of the contravention, be void."

ഇങ്ങനെ ഒരു ക്ലോസുള്ളസ്ഥിതിക്ക് നാം ഒരു പ്രത്യേക നിയമം ഉണ്ടാക്കിയാൽ അതു ഹൈക്കോടതിക്ക് ബാധകമാകുമോ?

ശ്രീ. എ. ജെ. ജോൺ: ഒരു കുഴപ്പവുമില്ല. സുപ്രീം കോടതിവരെ ഈ ആക്ടിന്റെ നിയമസാധുതയെ ചോദ്യംചെയ്യുകൊണ്ട് വേണമെങ്കിൽ പോകാവുന്നതാണ്.

The amendment was put and lost.

Sri. A. Thanu Pillai: Sir, I move:

"In clause 1, sub-clause (2), add at the end of the words 'and such territories as have been added to Travancore-Cochin after the formation of that State by the integration of Travancore and Cochin.'

Now, the provision here is: "This Act extends to the whole of Travancore." Recently, certain territories have been added to Travancore-Cochin, for example, Thangacheri, Anjengo, some parts of the Tinnevelly District and also other areas which formed enclaves within the former Cochin State. I do not know what the law is to be in regard to those areas. I take it, Sir, that we have got the right to legislate for these territories also. When a territory like that is added to the State, we cannot leave it out of account when we legislate. Thangachery and Anjengo cannot from part of what is here described as Travancore, because, Travancore, according to the General Clauses Act, is only that territory which before the first day of July, 1949, formed part of the State of Travancore. These new accessions do not form part of that territory. Further, these areas have been added not to Travancore as such but to Travancore-Cochin. Therefore, there must be some provision here so that the law may be made applicable to those new areas that have now come within Travancore-Cochin. The Cochin Act, either, cannot apply to new areas added to Travancore-Cochin, and lying within what was formerly the Cochin State. I may submit that I have had no time to study this question fully, but anyhow, as matters now stand, it appears to me that the change suggested by me has to be made. Therefore, I move this amendment.

Sri. K. P. Nilakanta Pillai: I second it.

ശ്രീ. എ. ജെ. ജോൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അഞ്ചുതെങ്ങും തങ്കശ്ശേരിയും ഇപ്പോൾ തിരുവിതാംകൂർ ഡിവിഷനോടു ചേർത്തിട്ടുണ്ട്. എന്നാൽ അവി

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ടെ പാട്ടക്കാരെ കുഴിപ്പിക്കുന്നതിനോ അതുസംബന്ധമായി ഏതെങ്കിലും അന്യായം കൊടുക്കുന്നതിനോ വേണ്ടിയുള്ള യാതൊരു നിവേദനവും ആരും നടത്തിയിട്ടുള്ളതായി അറിവില്ല. മാത്രവുമല്ല ഈ നിയമം ഒരു കൊല്ലത്തിനകം ഭേദഗതിചെയ്യുന്നതാണ്. അതുകൊണ്ട് ഈ ബില്ലിൽ ഈ ഭേദഗതി വരുത്തേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. പി. നാണു: അഞ്ചുതെങ്ങും തങ്കശേരിയും തിരുവിതാംകൂറിനോടാണോ അതോ തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തോടാണോ ചേർത്തത്?

ശ്രീ. എ. ജെ. ജോൺ: തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തോട്.

Sri. A. Thanu Pillai: May I know whether the laws applicable for the United State of Travancore and Cochin will apply to Anjengo and Thangacherry as matters stand at present?

Sri. A. J. John: The laws applicable for the Travancore parts will apply for Thangcherry and Anjengo and for the Cochin part of the territory Cochin laws will be applied.

Sri. A. Thanu Pillai: The Hon'ble Minister now says that there is what is called a law for Travancore and another law for Cochin even after integration. At the same time we have enacted laws which will be applied for Travancore and Cochin territories together. Therefore I ask, should there not be a law uniformly applicable to all the territories comprised in this Union?

Sri. A. J. John: At present the pockets which have been added to Travancore will be governed by Travancore law and those which have been added to Cochin will be giverned by Cochin laws. That is the position.

Sri. P. S. Nataraja Pillai: May I ask, because there is now no law for Thangacherry and Anjengo, will the laws of the Madras Presidency apply to those parts or the laws enacted in Travancore that will apply?

Sri. A. J. John: The Travancore law will be made applicable.

Sri. P. S. Nataraja Pillai: Is it the position of the Government that the laws prevailing in Thangacherry and Anjengo before integration will apply to those parts still?

ശ്രീ. എ. ജെ. ജോൺ: ഇതിനെപ്പറ്റി കുഴപ്പങ്ങൾ ഒന്നുംതന്നെ ഉണ്ടാകുമെന്നതോന്നുന്നില്ല. തിരുവിതാംകൂറിൽ എന്തെല്ലാം നിയമങ്ങൾ നടപ്പിൽ വന്നിട്ടുണ്ടോ അവയെല്ലാം ഈ പ്രദേശങ്ങളെയും ബാധിക്കുന്നതാണെന്ന പറഞ്ഞിട്ടുണ്ട്. ഇതു വിധിനടത്തുന്നതിവയ്ക്കുന്നതിനെപ്പറ്റി മാത്രമുള്ള ഒരു നിയമമാണ്.

Sri. P. S. Nataraja Pillai: With the permission of the Chair I would speak a word in this connection. The position as far as Anjengo and Thangacherry are concerned seems to be very anomalous. Now we are staying execution proceedings and giving fixity of tenure to the tenants of those areas. The circumstance has come about that the poor tenants in Thangacherry and Anjengo will be penalised for no fault of theirs. There will be execution proceedings started against them and they will be thrown out of their holdings. Should we contribute to that state of affairs. That is the question which I want to ask of the Treasury benches. There must be some law now which is to be applicable to those areas. The areas of Thangacherry and Anjengo were added on to our State by a political Act. We are legislating for that area and when we do so must first see what laws were obtaining there and then proceed in the matter. When my friend Mr. Pachu Pillai moved his amendment an objection was taken by Government to the effect that there is already a law for Cochin even now in force in regard to certain matters and that it will be applied in these matters. Now we are legislating for Travancore and there are portions which have come into our territory which had another law prevailing at that time. I ask, what is the law that will be made applicable to that part of the State at the present time. There may be cases which have arisen before integration and left undisposed of. The Treasury Benches say that no such case has arisen. Is it an argument to be put forth. Cases can come up tomorrow. Is it to be contended that there is no land, or land-lord or tenant, lessor or lessee and so on. There must be lands in Thangacherry and Anjengo and land-lords and tenants in those parts. When once a kind of protection is sought to be given to every tenant in the Travancore area why should the same be denied specifically by legislation to those two areas and thus bring hardship to the people there. From all these I understand that this Government have not collected reliable data on those matters. Cases that have arisen in those

LIBRARY ARCHIVES Kerala Legislative Assembly

parts must be pending in Tinnevelly court. The question of inter-jurisdiction is a matter in which I cannot say anything definite at present.

Sri. K. P. Nilakanta Pillai: May I ask what is the law to be applied for Anjengo and Thangacherry at present? Is it the integrated law, or Cochin law or Travancore law?

Sri. P. S. Nataraja Pillai: That is what I ask of Government. Again there must be cases pending in Tinnevelly which have arisen from Anjengo and Thangacherry and they have to be disposed of. Where will those cases go I do not know. What the Government have done in that respect I do not know. In the light of replies from Government I am led to infer that Government are not in possession of facts. Anyway that kind of denial of laws to those areas goes against ordinary commonsense. When there are people in a particular locality, when there is territory, there must be a landlord and tenant and there must be cases pending. Legal adjustments have not been made as regards those areas are concerned. That is what it comes to. That apart there is another practical difficulty. We have now brought to the notice of Government the absence of law in those areas. There is a definite statement and it is the duty of the Government to state what the exact law on the subject ought to be. A section in the General Clauses Act is quoted now for certain purposes. It is stated that this law will apply to a State which was known as Travancore before integration. Therefore the jurisdiction of civil courts will be ousted. If so, the tenants also will be ousted from their holdings by the land owners. Then I ask, are we going to create hardship to the people of those parts?

Mr. Speaker: May I know from Government whether Anjengo comes in Trivandrum and Thangacherry in Quilon district?

Sri. A. J. John: Anjengo and Thangacherry are parts of the Districts of Trivandrum and Quilon respectively.

Mr. Speaker: Is there any enclave added on to Cochin like this?

Sri. A. J. John: Chittoor area has been included in Cochin territory.

Mr. Speaker: In the light of the amendment and the discussions on this subject carried on in the House will the Government consider the desirability or otherwise of extending the provisions of this Bill to the newly added territories also?

Sri. A. Thanu Pillai: There is one more point. There are laws for Travancore alone as such and Cochin alone as such and another law for the Union as such. In regard to territories which have been acquired recently, what is the law to be definitely applied is a very important question. I would wish the Minister to take time and consider the matter.

Mr. Speaker: Let us hear the Minister first.

Sri. A. Nesamony: May I know what about cases pending trial?

ശ്രീ. എ. ജെ. ജോൺ: അവിടെയുള്ള ട്രയൽ കേസുകളെല്ലാം ഇങ്ങോട്ട് അയയ്ക്കുന്നതായിരിക്കും.

Sri. Ambat Eachara Menon: Is it for this House to legislate for persons who are not present here?

Mr. Speaker: If and when objectios on that are raised by those concerned that question may be considered.

ശ്രീ. സി. വി. ഐപ്പ്: മലബാർ കുടിയാൻ ആക്ട്പ്രകാരം ഉള്ള വിധി നടത്തുന്നടപടികൾ അഞ്ചുതെങ്ങു, തങ്കച്ചേരി മുതലായ സ്ഥലങ്ങളെ ബാധിക്കുമോ?

Mr Speaker Questions of law may be left for consideration and disposal by other competent authorities. On the subject now befor the house letlus hear what the Minister has to say.

ശ്രീ. എ. ജെ. ജാൺ: ഞാൻ മുൻപറഞ്ഞതുപോലെ ഇതു താൽക്കാലികമായ ഒരു നിയമമായതുകൊണ്ടു അഞ്ചുതെങ്ങിനും തങ്കച്ചേരിക്കും ഈ നിയമം ബാധിക്കേണ്ട എന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. പി. നാണു: അഞ്ചുതെങ്ങിനെയും തങ്കച്ചേരിയേയുംകൂടി ഈ നിയമം ബാധിക്കുന്നതുകൊണ്ടു എന്തുദോഷമാണു വരാനുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി ഗവണ്മെൻറു കാര്യമായി ആലോചിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: അഞ്ചുതെങ്ങിലും തങ്കച്ചേരിയിലും ഉള്ളവർ കുടിയിറക്കു നിമിത്തം വളരെ സങ്കടങ്ങൾ അനുഭവിക്കുന്നുണ്ടെന്നും അതുകൊണ്ടു ഈ നിയമം അവർക്കുകൂടി ബാധകമാക്കിത്തീർക്കണമെന്നും അവർ ആഗ്രഹിക്കുന്നതായി പലരും എന്നോടു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അതു സംബന്ധിച്ചു ഗവ ൎമ്മെൻറിലേക്കു ഒരു നിവേദനം സമർപ്പിക്കുവാൻ ഉപദേശിച്ചുകൊടുക്കാമായിരുന്നു. അവരുടെ യാതൊരു നിവേദനവും ഇതുവരെ ഗവൎമ്മെൻറിനു ലഭിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇപ്പോൾ ഞാൻ പറയുന്നതുതന്നെ ഒരു നിവേദനമായി ഗണിച്ചുകൂടെ?

Mr. Speaker: Such arguments are to be avoided. Facts may be supplied which would justify or necessitate a re-consideration of the matter.

ശ്രീ. പി. നാണു: ചിറയിൻകീഴ് താലൂക്കിൽനിന്നും ഇങ്ങനെയൊരു നിയമം ഉണ്ടാക്കണമെന്നു ഒരു നിവേദനവും കിട്ടിട്ടില്ല. എന്നിരുന്നാലും ഈ നിയമത്തിൻറെ വ്യാപ്തി ചിറയിൻകീഴ് താലൂക്കിനെകൂടി ബാധിക്കുന്നുവെന്നും വേണമെന്നു ഗവൎമ്മെൻറ് എങ്ങനെ നിശ്ചയിച്ചു?

ശ്രീ. എ. ജെ. ജാൺ. ബഹുമാനപ്പെട്ട മെമ്പർ നിവേദനം ചെയ്തിട്ടില്ലായിരിക്കാം.

ശ്രീ. പി. നാണു: ഞങ്ങളാരുംതന്നെ ആവശ്യപ്പെട്ടില്ല.

Mr. Speaker: That again is an argument.

Sri. K. P. Nilakanta Pillai: The Hon'ble Minister said that laws obtaining in Cochin and Travancore will independently apply to the enclaves absorbed in the respective territory. But he has not said how the integrated laws of the Union will be applicable to those parts. That is an important matter.

The House rose for lunch at 1 p.m. and reassembled at 2 p.m. with Mr. Speaker in the chair.

ശ്രീ. എ. ജെ. ജാൺ: Holdings (Stay of Execution Proceedings) ബില്ലിനു ബഹു. മെമ്പർ മി. താണുപിള്ള അവതരിപ്പിച്ചിട്ടുള്ള ക്ലോസിനെക്കുറിച്ചു കൂടുതൽ ആലോചിക്കേണ്ടതു് ആവശ്യമാണെന്നു തോന്നുന്നതുകൊണ്ടു് ബില്ലിൻറെ ബാക്കിയുള്ള ഭാഗങ്ങളെപ്പറ്റിയുള്ള ആലോചന ബുധനാഴ്ചത്തേക്കു് മാറ്റി വക്കണമെന്നാണു് എൻറെ അഭിപ്രായം.

Sri. P. S. Nataraja Pillai: I would request that the clause may be held over and the rest of the Bill considered.

Sri A. Thanu Pillai: We can deal with the Land Tax Bill or Public Safety Measures Bill today.

Sri. P. S. Nataraja Pillai: I only suggested a method. That is, that particular clause may be held over and the remaining clauses considered now.

Sri. D. Gananasigamoni: So far as Public Safety Measures Bill is concerned, we have not even brought the papers. So I also suggest that this clause may be held over and the rest considered now.

Mr. Speaker: In view of the amendment brought forward by Mr. Thanu Pillai and in the light of the suggestion made by the Treasury Bench, this matter may well be held over for another day. We will now proceed with the Travancore Land Tax Proclamation (Amendment) Bill.

Sri. A. Thanu Pillai: May I make one request through you Sir, to the Treasury Benches? The instrument by which the new areas have been handed over or transferred to this State may be made available to some of us at least so that we may also study the whole thing. I have not seen it. It may not be long and therefore there may not be much difficulty in making it available to us. It is also a public document.

Sri. A. J. John: I shall see to it.

The Travancore Land Tax Proclamation (Amendment) Bill)—(*cont.*)

Sri. P. S. Nataraja Pillai: I was in possession of the House last day. Sir, the other day I was trying to show that by the Proclamation of 1121 the State had absolutely given away the right of periodical assessment and periodical revision of tax. Sir, the Proclamation was definite on that matter, that the right of revision of tax and periodical re-assessment was given away by the State and the basic tax was fixed. As such the Government will not be right in revising or going back on that Act.

Sir, in this connection I would like to point out that the land revenue system from early times was based on the conception that the Sovereign had complete right over the land and the people in possession were only holders under the Sovereign right. The Government's lands are classified as Pandarapattam and Otti. Permanent holding itself was given to the people by the

LIBRARY ARCHIVES Kerala Legislative Assembly